## 1181

വെള്ളത്തിൽ വെറുമൊരു കുമിളപോലെ
വെളുക്കുമ്പം വിരിഞ്ഞൊരു മലരുപോലെ
മനുജാ നിൻജീവിതം ക്ഷണികം നിൻജീവിതം
മരണം വരും നീ മാറിടും ഇത് ക്ഷണികം ക്ഷണികം ക്ഷണികം (2)

1 വിളിക്കാതെ വരുന്നൊരു അതിഥിയെ പോൽ
വിഷമത്തിലാക്കുന്ന മരണം വരും (2)
നിനച്ചിരിക്കാത്തൊരു നാഴികയിൽ
നിന്നെത്തേടി മരണം വരും-

2 പണ്ഡിത പാമര ഭേദമെന്യേ
പണക്കാർ പാവങ്ങൾ ഭേദമെന്യേ (2)
പട്ടിണിയായാലും സമൃദ്ധിയിലും
പല പല സമയത്തായ് മരണം വരും-

3 മൺമയമാണ് ഈയുലകം
മറഞ്ഞിടും മനുജൻ മരണത്തിനാൽ (2)
മശിഹാ ഹൃത്തിൽ വന്നിടുകിൽ
മനുഷ്യന്റെ ജീവിതം അർത്ഥപൂർണ്ണം- Joy J.